# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.129** — **08.06.2018-ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം സ്മാർട്ട് സിറ്റി പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**,, വി.എസ്.ശിവകുമാർ**<br>**,, എം.വിൻസെന്റ്**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കാമോ;<br>(ബി) പ്രസ്തുത പ്രോജക്ടിന്റെ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിലുണ്ടായിരുന്ന അനിശ്ചിതാവസ്ഥ മാറിയിട്ടുണ്ടോ; കൺസൾട്ടൻസി ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) തിരുവനന്തപുരം സ്മാർട്ട് സിറ്റി പ്രോജക്ടിനു വേണ്ടി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി ഐ.പി.ഇ ഗ്ലോബൽ - ജെ.എൽ.എൽ കൺസോർഷ്യത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് പ്രവർത്തനം 2018 ജൂൺ 1 മുതൽ ആരംഭിച്ചു. 2018 ജൂൺ 15 നകം കൺസൾട്ടന്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് അനിശ്ചിതാവസ്ഥകൾ ഒന്നും ഇപ്പോൾ നിലവിലില്ല. |
| (സി) പ്രസ്തുത പ്രോജക്ടിന് ഇതിനകം കേന്ദ്ര അർബൻ വികസനവും ഭവനനിർമ്മാണവും മന്ത്രാലയത്തിൽ നിന്ന് എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫണ്ടായി 16 കോടി രൂപയും, എ & ഒ ഫണ്ടായി 2 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ആദ്യ വർഷം ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകളായി, സ്മാർട്ട് ബസ് ഷെൽട്ടറുകളുടെ നിർമ്മാണം. കുടിവെള്ള കിയോസ്കുകൾ, പൊതു ശൗചാലയങ്ങളുടെ നവീകരണം, ഓപ്പൺ ജിം, മൾട്ടി ലെവൽ കാർ പാർക്കിംഗ്, സോളാർ റൂഫ് ടോപ്പ്, മാനവീയം വീഥി നവീകരണം, പബ്ളിക് ബൈക്ക് ഷെയറിംഗ്, ഇ- ഓട്ടോ, സ്മാർട്ട് വെബ് സൈറ്റ് എന്നീ പ്രോജക്ടുകൾ ആണ് ആദ്യ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഇ) തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ട് മാറ്റുന്നതിന് പ്രസ്തുത പദ്ധതിയുടെ കീഴിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ? | (ഇ) തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ട് മാറ്റുന്നതിന് ഓപ്പറേഷൻ അനന്ത II പദ്ധതിയുമായി കൺവർജൻസ് നടത്തുന്നതിനുള്ള ശിപാർശ സ്മാർട്ട് സിറ്റി പ്രൊപ്പോസലിൽ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ